



ഓണക്കാലകളികളെന്ന വിശേഷിപ്പിക്കാവുന്ന പരിപാടികൾ കാണുവാനായി സുഹൃത്തുകളുമൊത്ത് അങ്ങോട്ട് പോകും. വളരെ രസകരമായ ആ കളികൾ കണ്ട് കഴിയുമ്പോഴേക്കും ഓണസദ്യയ്ക്കുള്ള സമയമായിരിക്കും. ഇന്നതെല്ലാം ഓർക്കുമ്പോൾ മനസ്സ് ആകുലപ്പെടാറുണ്ട്. ഇനിയും ഒരിക്കലും തിരിച്ചു വരാത്ത ഓണക്കാലങ്ങൾ, നന്മയുടെയും ഐശ്വര്യത്തിന്റെയും നാളുകൾ.

വലിയ പപ്പടം, ചെറിയ പപ്പടം, രണ്ടോ, മൂന്നോ പായസങ്ങൾ തുടങ്ങി വിഭവസമൃദ്ധമായ ഓണസദ്യ ഉണ്ണുവാൻ പന്തിയിൽ കയറി ഇരിക്കാൻ ഒരു തിരക്കാണ്. സദ്യ കഴിഞ്ഞാൽ കൂട്ടുകാരുമൊത്ത് സിനിമയ്ക്ക് പോകുന്നത് അന്നൊരു പതിവായിരുന്നു. അന്നൊരിക്കൽ കണ്ട 'ഒരു പെണ്ണിന്റെ കഥ' എന്ന സിനിമ മറക്കാനാവാത്ത ഒരു അനുഭവം തന്നെയായിരുന്നു. സത്യൻ, ഷീല, അടൂർഭാസി എന്നിവരുടെ മികവുറ്റ, വാശിയേറിയ അഭിനയം, ഇന്നും മനസ്സിൽ തെളിഞ്ഞു വരുന്ന ഇമ്പമേറിയ ഗാനങ്ങൾ ഇവയെല്ലാം അതിനെ വളരെ വിശിഷ്ടമായ, ഒരു നല്ല സിനിമ എന്ന ഖ്യാതി നേടിക്കൊടുത്തു എന്നുപറഞ്ഞാൽ അതിൽ യാതൊരു അതിശയോക്തിയും ഇല്ല. സൂര്യഗ്രഹണം, പൂന്തേനരുവി എന്നീ ഗാനങ്ങൾ അന്നത്തെ ഏതോ ഒരോണക്കാലത്തിന്റെ സുന്ദര സ്മരണകൾ മനസ്സിൽ ഉണർത്താറുണ്ട്. സിനിമയിലെ സത്യൻ ചെയ്ത മാധവൻ തമ്പി എന്ന വേഷം ഘനഗംഭീരമായ ശബ്ദത്തിൽ ഉള്ള ആ സംഭാഷണം ' സിംഹം ജനിക്കുന്നത് തന്നെ ജയിക്കാൻ വേണ്ടിയാണ്, തോൽക്കുന്നവരുടെ കൂട്ടത്തിൽ മുയലുകളും കണ്ടേക്കാം, പക്ഷേ സിംഹം അത് ശ്രദ്ധിക്കാറില്ല' ഇന്നും ഓർമയിലുണ്ട്.

ഓർമ്മിക്കാനും, ഓർത്തോർത്ത് പുളകം കൊള്ളുവാനും, ഒരു പിടി നല്ല ഓർമ്മകൾ സമ്മാനിച്ചുകൊണ്ട്, ആ കാലങ്ങൾ കടന്നു പോയി. പ്രജകളെ കാണുവാനായി കേരളക്കരയിൽ എത്താറുള്ള മഹാബലി കാലം വരുത്തി വെച്ച മാറ്റങ്ങൾ കണ്ട് ആശ്ചര്യപ്പെടുന്നുണ്ടാവാം.വന്നു കഴിഞ്ഞ മാറ്റങ്ങൾ, ആ മഹാരാജാവിന് എത്രത്തോളം ഉൾക്കൊള്ളാൻ സാധിക്കും എന്ന ആശങ്ക നമ്മളിൽ ഓരോരുത്തരുടെയും മനസ്സിൽ ഉണ്ടാവുക തന്നെ ചെയ്യും എന്ന് ഞാൻ കരുതുന്നു.

രാമനും ഉണ്ണുനീലിയും ഇന്നില്ല, അവരീ ലോകത്തോട് വിട പറഞ്ഞ് വർഷങ്ങളായി. അവരുടെ മക്കൾക്കോ, കൊച്ചു മക്കൾക്കോ അവരന്നു പാടിയിരുന്ന തുയിലുണർത്തുപാട്ട് ഓർമ്മയുണ്ടാവില്ല. നമ്മുടെ പഴയ സംസ്കാരത്തിന്റെ ഭാഗമായിരുന്ന നിരവധി കാര്യങ്ങൾ ഇന്ന് വെറും ഓർമ്മകൾ മാത്രം. ആ ഓർമ്മപ്പൂക്കൾ കൊണ്ട് പൂക്കളങ്ങൾ തീർത്തു നമുക്ക് ഈ പൊന്നോണം ആഘോഷിക്കാം.

കണ്ണിനും, കരളിനും
കുളിർമയും ഉന്മേഷവും പകർന്നുകൊണ്ട്
മലയാള മണ്ണിന് ആവേശവുമായി വരുന്ന
ഒരു പുത്തൻ പൊന്നോണത്തെ നമുക്ക് എതിരേൽക്കാം,
ഒരു നല്ല നാളെക്കുള്ള കാത്തിരിപ്പുമായി.
ഏവർക്കും എന്റെ ഓണാശംസകൾ ....

**K. K. Menon**
**Tea estates ൽ മാനേജർ ആയി തുടങ്ങിയ K. K. Menon, 1980 ൽ HMV സരിഗമയിൽ തുടങ്ങി ഒരു നീണ്ട സംഗീതയാത്ര ആരംഭിച്ചു...നീണ്ട മൂന്ന് പതിറ്റാണ്ടോളാം മ്യൂസിക് ഇൻഡസ്ട്രിയിൽ വളരെ സജീവമായിരുന്ന അആഇഘ ജനറൽ മാനേജർ ആയിരുന്ന മേനോൻ പല സിനിമകളിലും അഭിനയിച്ചിട്ടുണ്ട്. നിരവധി ലേഖനങ്ങളും ചെറുകഥകളും online ൽ പ്രസിദ്ധീകരിച്ചിട്ടുള്ള K. K. Menon, ഇന്ദ്രനീലം എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുടുംബം : ഭാര്യ, മകൾ താമസം : ചെന്നൈ**